ദന്ത ചികിത്സാ സൗകര്യങ്ങൾ ഫലപ്രദമാക്കാൻ നടപടി

106(4392) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദന്ത ചികിത്സാ സൗകര്യങ്ങൾ ഫലപ്രദമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) സംസ്ഥാനത്ത് സർക്കാർ മേഖലയിൽ എത്ര ഡെന്റൽ കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്;

(സി) സംസ്ഥാനത്ത് പുതുതായി ഡെന്റൽ കോളേജുകൾ ആരംഭിക്കുന്ന കാര്യം ഗവൺമെന്റ് പരിഗണനയിലുണ്ടോ; എങ്കിൽ എവിടെയെല്ലാം?

ഉത്തരം

(എ) സംസ്ഥാനത്ത് ഈ അദ്ധ്യയന വർഷം, മുഴുവൻ സ്പെഷ്യാലിറ്റികളോടും കൂടി ആലപ്പുഴയിൽ ഒരു പുതിയ സർക്കാർ ഡെന്റൽ കോളേജ് പ്രവർത്തനമാരംഭിച്ചു. ഓരോ വർഷവും പദ്ധതിയിനത്തിൽ ഡെന്റൽ കോളേജുകളുടെ വികസനത്തിന് തുക നീക്കിവയ്ക്കുന്നുണ്ട്. കൂടാതെ എല്ലാ സർക്കാർ ഡെന്റൽ കോളേജുകളോടനുബന്ധിച്ച് മൊബൈൽ ഡെന്റൽ ക്ലിനിക്കുകളും മൊബൈൽ വാനുകളുമുണ്ട്. ഓരോ ഡെന്റൽ കോളേജുകളോടനുബന്ധിച്ച് സാറ്റലൈറ്റ് റൂറൽ സെന്ററുകളും പ്രവർത്തിച്ചുവരുന്നു.

സംസ്ഥാനത്ത് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിൽ 90 ഡെന്റൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. 109 ഡോക്ടർമാരും 78 ദന്തൽ ഹൈജീനിസ്റ്റുകളും 33 ദന്തൽ മെക്കാനിക്കുകളും പ്രവർത്തിച്ചുവരുന്നു. ഈ യൂണിറ്റുകളിലേക്കാവശ്യമായ നൂതന ഉപകരണങ്ങൾ, ഡെന്റൽ മെറ്റീരിയൽസ്, സ്പെഷ്യാലിറ്റി ഉപകരണങ്ങൾ ഇവ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ അത്യാവശ്യമായി വേണ്ടിവരുന്ന ഡെന്റൽ മെറ്റീരിയൽസും അനുബന്ധ ഉപകരണങ്ങളും അതാത് ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിവഴി ലഭ്യമാക്കാറുണ്ട്. ദന്തരോഗങ്ങൾ ആരംഭത്തിലേ കണ്ടെത്തി ആവശ്യമായ ചികിത്സ നൽകുന്നതിനായി എല്ലാ വർഷവും സ്കൂൾ ദന്തൽ ക്യാമ്പുകൾ നടത്തിവരുന്നുണ്ട്. പൊതുജനങ്ങൾക്ക് ദന്താരോഗ്യത്തെക്കുറിച്ച് അറിവ് നൽകുന്നതിനായി ദന്താരോഗ്യ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. ദന്ത ഡോക്ടർമാർക്കും പാരാമെഡിക്കൽ സ്റ്റാഫിനും ആവശ്യമായ പരിശീലനവും നൽകിവരുന്നുണ്ട്. എൻ.ആർ.എച്ച്.എം. മുഖേന ദന്തൽ ഡോക്ടർമാർ ഇല്ലാതിരുന്ന 32 സ്ഥാപനങ്ങളിൽ ദന്ത ഡോക്ടർമാരെ നിയമിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. അതുപോലെതന്നെ 12 ദന്തൽ സ്പെഷ്യലിസ്റ്റുകളുടെ തസ്തികയും

LIBRARY ARCHIVES Kerala Legislative Assembly

എൻ.ആർ.എച്ച്.എം. മുഖേന സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. വയനാട് ജില്ലയിലെ മാനന്തവാടി ജില്ലാ ആശുപത്രിയോടനുബന്ധിച്ച് ഒരു മൊബൈൽ ദന്തൽ യൂണിറ്റ് പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) 4 ഡെന്റൽ കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്.

(സി) ആലപ്പുഴ-തൃശ്ശൂർ മെഡിക്കൽ കോളേജുകൾക്ക് അനുബന്ധമായി പുതിയ സർക്കാർ ഡെന്റൽ കോളേജുകൾ ആരംഭിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. അതിൽ ആലപ്പുഴയിൽ പുതിയ ഡെന്റൽ കോളേജ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

പുതിയ ചികിത്സ/ടെസ്റ്റ് യന്ത്രങ്ങൾ

107 (4393) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഈ സർക്കാർ നിലവിൽ വന്നതിനു ശേഷം വാങ്ങിയ പുതിയ ചികിത്സ/ടെസ്റ്റ് യന്ത്രങ്ങൾ ഏതൊക്കെയാണ്;

(ബി) അവ ഓരോന്നും വാങ്ങുന്നതിനായി എത്ര തുക ചെലവഴിച്ചു എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിനോടനുബന്ധിച്ചുള്ള ആശുപത്രികളിലേയ്ക്ക് വാങ്ങി നൽകിയ ചികിത്സ/ടെസ്റ്റ് യന്ത്രങ്ങളുടെയും അവ ഓരോന്നും വാങ്ങുന്നതിന് ചെലവഴിച്ച തുക സംബന്ധിച്ചുള്ള വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു.*

പുരുഷ നഴ്സുമാർക്ക് നിയമനം

108(4394) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന സ്വകാര്യ ആശുപത്രികളിൽ ഉൾപ്പെടെ പുരുഷ നഴ്സുമാരുടെ നിയമനത്തിനായി ആകെ നഴ്സുമാർക്ക് ഇത്ര ശതമാനം എന്ന തോതിൽ കുറഞ്ഞ ഏർപ്പെടുത്തുമോ; ഇതിനായി നിയമനിർമ്മാണം പരിഗണനയിലുണ്ടോ;

(ബി) നിലവിൽ പുരുഷ വിദ്യാർത്ഥികൾക്കായി നഴ്സിംഗ് കോളേജുകളിൽ എത്ര സീറ്റുകൾ നീക്കിവയ്ക്കാറുണ്ട്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly